(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 2010-11-ൽ സംസ്ഥാനത്തിന്റെ റവന്യൂ കമ്മി 3674 കോടി രൂപയായിരുന്നു. ഇത് 31-10-2015 ൽ 13,795.96 കോടി രൂപയാണ്.

(സി) 2014-15 ൽ റവന്യൂ കമ്മി ഇല്ലാതാക്കണമെന്നാണ് 2011-ലെ കേരള ധന ഉത്തരവാദിത്ത (ഭേദഗതി)നിയമത്തിൽ നിഷ്കർഷിച്ചിരിക്കുന്നത്.

(ഡി) ക്രമാനുഗതമായി വർദ്ധിച്ചുവരുന്ന പലിശ, ശമ്പളം, പെൻഷൻ, സബ്സിഡികൾ മുതലായ റവന്യൂ ചെലവുകളും, ടാക്സ്-ജി.എസ്.ഡി.പി. വളർച്ചാ നിരക്കിലുള്ള കുറവും കേന്ദ്രവിഹിതത്തിനുള്ള ഗണ്യമായ കുറവും കാരണം റവന്യൂ കമ്മി കുറച്ചുകൊണ്ടുവരാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടില്ല.

റവന്യൂ കമ്മി നികത്തുന്നതിനുള്ള നടപടി

81 (86) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പതിനാലാം ധനകാര്യ കമ്മീഷന്റെ അവാർഡ് പ്രകാരം റവന്യൂ കമ്മി നികത്തുന്നതിന് ഏതെല്ലാം വർഷങ്ങളിലായി എത്ര കോടി വീതം സംസ്ഥാനത്തിന് ലഭിക്കേണ്ടതുണ്ട് ; 2015-16-ൽ ലഭിച്ച കോടി എത്ര ;

(ബി) കേന്ദ്ര നികുതികളിൽനിന്നുള്ള വിഹിതം 32% ത്തിൽനിന്നും 42% മായി ഉയർത്തിയതിന്റെ ഭാഗമായി 2015-16-ൽ ലഭിച്ച കോടി എത്ര ; 2015-16-ൽ മുൻ വർഷത്തേതിനെക്കാൾ എത്ര കോടി അധികം ലഭിച്ചു; 2016-17 ൽ പ്രതീക്ഷിക്കുന്നത് എത്ര കോടിയാണ് ;

(സി) കേന്ദ്ര ഗവൺമെന്റ് ഗ്രാന്റ് ഇൻ എയിഡായി 2015-16-ൽ നൽകിയത് എത്ര കോടിയാണ് ; 2014-15 നെക്കാൾ എത്ര കോടി കൂടുതൽ ലഭിച്ചു ; 2016-17-ൽ പ്രതീക്ഷിക്കുന്ന കോടി എത്ര ;

(ഡി) 2015-16-ൽ കേന്ദ്രാവിഷ്കൃത പദ്ധതി സഹായമായി ലഭിച്ച മൊത്തം കോടി എത്ര ; 2014-15 നെക്കാൾ എത്ര കോടി കൂടുതൽ ലഭിച്ചു; 2016-17 ൽ പ്രതീക്ഷിക്കുന്ന കോടി എത്ര ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പതിനാലാം ധനകാര്യ കമ്മീഷന്റെ അവാർഡ് പ്രകാരം റവന്യൂ കമ്മി നികത്തുന്നതിന് 2015-16 കാലയളവിൽ 4640 കോടി രൂപയും 2016-17 -ൽ 3350 കോടി രൂപയും 2017-18-ൽ 1529 കോടി രൂപയും ഉൾപ്പെടെ 2015-2020 കാലയളവിൽ ആകെ 9519 കോടി രൂപ ലഭിക്കേണ്ടതായിട്ടുണ്ട്. 2015-16 കാലയളവിൽ നാളിതുവരെ (2015 നവംബർ വരെ)3093.36 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര നികതികളിൽ നിന്നുള്ള വിഹിതം 32 ശതമാനത്തിൽനിന്നും 42 ശതമാനമായി ഉയർത്തിയതിന്റെ ഭാഗമായി 2015-16-ൽ ഇതുവരെ (2015 നവംബർ വരെ) ലഭിച്ച തുക 7498.11 കോടി രൂപയാണ്. 2014-15 സാമ്പത്തിക വർഷത്തിൽ 7926.29 കോടി രൂപ ഈ ഇനത്തിൽ ലഭിച്ചപ്പോൾ 2015-16 നവംബർ വരെ ലഭിച്ച തുക 7498.11 കോടി രൂപയാണ്. 2016-17 ൽ ആകെ 16,710.6 കോടി രൂപ ഈ ഇനത്തിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) കേന്ദ്ര ഗവൺമെന്റ് ഗ്രാന്റ്-ഇൻ-എയ്ഡായി 2015-16-ൽ നൽകിയത് 3555.45 കോടി രൂപയാണ്. (നവംബർ 2015 വരെ) 2014-15 സാമ്പത്തിക വർഷത്തിൽ 2460.5 കോടി രൂപ ഈ ഇനത്തിൽ ലഭിച്ചപ്പോൾ 2015-16 നവംബർ വരെ 3555.45 കോടി രൂപ ലഭിച്ചിട്ടുണ്ട്. 2016-17 ൽ 4805.55 കോടി രൂപ ഈ ഇനത്തിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) 2015-16 സാമ്പത്തിക വർഷത്തിൽ CPSMS-ലെ റിപ്പോർട്ട് പ്രകാരം 26-11-2015 വരെ കേന്ദ്രാവിഷ്കൃത പദ്ധതി /കേന്ദ്ര പദ്ധതി , സംസ്ഥാനത്തിനുള്ള കേന്ദ്ര സഹായം എന്നീയിനത്തിൽ 4074.45 കോടി രൂപ സംസ്ഥാനത്തിന് റിലീസ് ചെയ്ത് കിട്ടിയിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷാവസാനത്തിലെ കണക്കിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഈയിനത്തിൽ 2014-15 സാമ്പത്തിക വർഷത്തേക്കാൾ എത്ര തുക കൂടുതൽ ലഭിച്ചുവെന്ന് വ്യക്തമാകുകയുള്ളൂ. 2015-16 സാമ്പത്തിക വർഷത്തിൽ ലഭ്യമാകുന്ന തുകയുടെ അടിസ്ഥാനത്തിൽ മാത്രമേ 2016-17-ൽ എത്ര തുക കേന്ദ്ര പദ്ധതിസഹായമായി ലഭിക്കുമെന്ന് വിലയിരുത്തുവാൻ സാധിക്കുകയുള്ളൂ.

റവന്യൂ വരുമാനം

82 (87) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് എസ്റ്റിമേറ്റ് ചെയ്ത സ്റ്റേറ്റ് ടാക്സും , ഡ്യൂട്ടീസും ഇനത്തിൽ ഓരോ മാസവും ലഭിച്ച ലാന്റ് റവന്യൂ, സ്റ്റാമ്പ് ആന്റ് രജിസ്ട്രേഷൻ, സ്റ്റേറ്റ് എക്സൈസ്, സെയിൽ ടാക്സ്ആന്റ് വാറ്റ്, ടാക്സസ് ഓൺ വെഹിക്കിൾ, മറ്റ് നികുതികളും ടാക്സുകളും എന്നീ ഇനത്തിലെ റവന്യൂ വരുമാനം എത്രയാണെന്ന് വിശദമാക്കാമോ ;